# വിശാലമായ ആശയം

കെ.ജി. രാഘവൻ നായർ

**അജ്ഞാനത്തിൽനിന്ന് സ്ത്രീകളെ ഉദ്ധരിക്കുകയാണ് മുസ്‌ലിംസമുദായത്തിന്റെ ഏറ്റവും പ്രധാനമായ കർത്തവ്യം.**

നാലു പതിറ്റാണ്ടുകൾക്കു മുമ്പ് ഞാൻ ഹൈദരാബാദിൽ പെൻഷൻ പേ മാസ്റ്ററായി ജോലിചെയ്തിരുന്നു. ഒരു സായാഹ്നത്തിൽ എന്തോ കാര്യവശാൽ റെയിൽവേസ്റ്റേഷനിൽ പോവുകയുണ്ടായി. ഒരു സ്ത്രീ. എഴുപതു വയസ്സു കാണും. എല്ലിച്ച ദേഹം, തീക്ഷ്ണമായ നോട്ടം, കറുത്ത ബുർഖയിൽ പൊതിഞ്ഞ ശരീരം, റെയിൽ കുറുകെ കടന്ന് പ്ലാറ്റ്ഫോമിലേക്ക് കയറാൻ ശ്രമിക്കുകയാണ്. കാലിടറുന്നു, കയറാൻ പറ്റുന്നില്ല. ഹൈദറാബാദ്-ദൽഹി എക്സ്പ്രസ് എത്തിക്കഴിഞ്ഞു. സ്ത്രീയെ തട്ടിത്തെറിപ്പിക്കുന്നതിന് ഇനി മുന്നൂറു വാര മാത്രം. ഞാൻ ആ സ്ത്രീയുടെ കൈക്ക് കടന്നുപിടിച്ച്, വലിച്ച് പ്ലാറ്റ്ഫോമിലേക്ക് കയറ്റാൻ ശ്രമിച്ചു. അവർ എന്റെ കൈ തട്ടിക്കളഞ്ഞു. ദേഷ്യവും പരിഭ്രമവും എന്നെ വെറിപിടിപ്പിച്ചു. ഞാൻ റെയിൽപാളത്തിലേക്ക് ചാടിയിറങ്ങി. സ്ത്രീയെ പൊക്കിയെടുത്ത് പ്ലാറ്റ്ഫോമിൽ വച്ചു. അപ്പോഴേക്ക് വണ്ടി എത്തിക്കഴിഞ്ഞിരുന്നു. ജ്വലിക്കുന്ന കണ്ണുകളോടെ ആ സ്ത്രീ എന്നെ നോക്കിയിട്ട് ഒരക്ഷരം ഉരിയാടാതെ കടന്നുപോയി. ഞാൻ തന്നത്താൻ മന്ത്രിച്ചു: ഇവർ പ്രസവിച്ച് വളർത്തിയെടുക്കുന്ന സന്താനങ്ങളും ഇവരെപ്പോലെ അന്ധവിശ്വാസികളായിത്തീരുകയില്ലേ? അജ്ഞാനത്തിൽനിന്ന് സ്ത്രീകളെ ഉദ്ധരിക്കുകയാണ് മുസ്‌ലിംസമുദായത്തിന്റെ ഏറ്റവും പ്രധാനമായ കർത്തവ്യം. അല്ലാത്തപക്ഷം ഹൈദറാബാദ് എക്സ്പ്രസ്സിന്റെ അടിയിൽ പെട്ടുപോകും.

ഖുർആൻ അധ്യായം 2 അറുപത്തിരണ്ടാം സൂക്തം വായിക്കുക: "എന്നിൽ വിശ്വസിക്കുകയും ധർമമാർഗത്തിൽ ചരിക്കുകയും ചെയ്യുന്നവർ ക്രൈസ്തവരോ യഹൂദരോ സാബികളോ ആരായാലും ശരി അവർക്ക് പൂർണമായ പ്രതിഫലം ലഭിക്കും. അവർ ഭയപ്പെടേണ്ടതില്ല". എത്ര വിശാലമായ ആശയം! 'ഇസ്‌ലാമിന്റെ മാർഗമാണ് അത്യുത്തമമായത്, അവർക്കാണ് സ്വർഗരാജ്യത്തിനവകാശം' എന്ന് അന്യത്ര പറഞ്ഞിട്ടുള്ളത്, മതാനുഷ്ഠാനങ്ങളും പ്രാർഥനാനിയമങ്ങളും ലക്ഷ്യപ്രാപ്തിക്ക് പര്യാപ്തമായിത്തീരുമെന്നുള്ളതുകൊണ്ടാണ്. അത് മറ്റു മതങ്ങളോട് ശത്രുത പുലർത്താനല്ല. ■